# കേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2938** — **20/12/2012-ൽ മറുപടിയ്ക്ക്**

## പ്രൊഫഷണൽ ഡിഗ്രി കോഴ്സ് - ഫീസിളവ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി** | **ശ്രീ. പി. കെ. അബ്ദുറബ്ബ് (ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി)** |
| (എ) പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനം 2011 പ്രകാരം ഫീസിളവിന് അർഹതയുള്ള കുട്ടികളുടെ ലിസ്റ്റ് (കത്ത് നം. 10257/ജെ3/2012/ഉ.വി.വ) വെളിപ്പെടുത്തുമോ ; | (എ) 2011 വർഷത്തിൽ ഫീസിളവിന് അർഹത നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത ലിസ്റ്റിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള 1:1 എന്ന അനുപാതം പാലിച്ചിട്ടുണ്ടോ ; | (ബി) പാലിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത ലിസ്റ്റിൽപ്പെട്ട എത്ര പേർക്ക് ഫീസ് ഇളവിനുള്ള ആനുകൂല്യം ലഭിച്ചു ; | (സി) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഫീസ് ഇളവ് ലഭിച്ചിട്ടുണ്ട്. |
| (ഡി) അരുൺ കൃഷ്ണ (Roll No. 116848) എന്ന കുട്ടിക്ക് ഫീസിളവ് ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കുമോ ? | (ഡി) അരുൺ കൃഷ്ണ(റോൾ നമ്പർ 116848) എന്ന വിദ്യാർത്ഥിക്ക് അലോട്ട്മെന്റ് ലഭിച്ചത് കൊല്ലം ഷാഹുൽ ഹമീദ് മെമ്മോറിയൽ എഞ്ചിനീയറിംഗ് കോളേജിൽ ഇ.സി.ബ്രാഞ്ചിലാണ്. പ്രസ്തുത കോളേജിൽ ഇ.സി ബ്രാഞ്ചിൽ 12 വിദ്യാർത്ഥികൾക്കാണ് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നൽകിയിട്ടുള്ളത് . G.O(Rt) No 49/12/H.Edn dtd 10-02-2012 പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നൽകിയ വിദ്യാർത്ഥികളിൽ ഓരോ ബ്രാഞ്ചിലെയും 50% വിദ്യാർത്ഥികൾക്ക് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഇളവിന് അർഹതയുണ്ട്. അപ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ അരുൺകൃഷ്ണ ഉൾപ്പെട്ടിരുന്നു. എന്നാൽ പട്ടിക ജാതി പട്ടിക വർഗ്ഗ, മറ്റ് പിന്നോക്ക വിഭാഗം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് വരുമാനപരിധി |

ബാധകമാക്കാതെ ഫീസ് ഇളവിന് അർഹതയുള്ളതിനാൽ പ്രസ്തുത വിദ്യാർത്ഥികളെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടി വന്നപ്പോൾ അരുൺകൃഷ്ണ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടു.

സെക്ഷൻ ഓഫീസർ